been disposed of; if so, will the Government be pleased to state how the several matters have been disposed of?

Mr. I. Raman Menon.—No. The latter part of the question does not arise now.

Road at Cheranallur for the Valans.

77. മിസ്റ്റർ കെ. പി. കറുപ്പൻ.—(a) ചേരാനെല്ലൂർ വാലത്തെരുവിലേക്കു ഒരു വഴിതുറന്നു കിട്ടേണ്ടതിലേക്കു അവിടത്തെ വാലന്മാരുംമറ്റും അപേക്ഷകൾ ബോധിപ്പിച്ചുതുടങ്ങീട്ടു് എത്രനാളായി?

(b) അവിടെ ഒരു വഴിയില്ലാത്തതുകൊണ്ടു് സാധുക്കൾ ബുദ്ധിമുട്ടുന്ന വിവരം ഗവൺമെണ്ടിന്നറിവുണ്ടൊ?

(c) കൊച്ചി നിയമസഭയുടെ ഒന്നാമത്തെ ബഡ്ജറ്റിൽ പ്രസ്തുതവഴിക്കുവേണ്ട ചിലവുകൾ കൊള്ളിച്ചിരിക്കുന്നതായി കണ്ട പ്രകാരം ഇതേവരെ വഴി തുറന്നുകൊടുക്കാതിരിക്കുവാൻ വല്ല പ്രത്യേക കാരണങ്ങളുമുണ്ടായിട്ടുണ്ടൊ?

മിസ്റ്റർ ഐ. രാമൻ മേനോൻ.—(a) ഏകദേശം പത്തു കൊല്ലമായി.

(b) ഉവ്വ്.

(c) ഇല്ല. പട്ടയഭൂമികൾ നിയമാനുസരണം കൈവശം കാട്ടുവാനുള്ള താമസമാണു്.

പ്രസിഡെണ്ടു്.—മിസ്റ്റർ കറുപ്പൻ, എനിക്കു് ഒരു അറിവിനുവേണ്ടി ചോദിക്കുകയാണു്. ചേരാനെല്ലൂർ ഇപ്പോഴുള്ള വഴികൂടാതെ വേറൊരുവഴി ഉണ്ടാക്കിക്കൊടുത്തിട്ടുണ്ടൊ?

മിസ്റ്റർ കെ. പി. കറുപ്പൻ.—ഒരു വഴി അനുവദിച്ചിട്ടുണ്ടു്. ഇതേവരെ നടപ്പിലായിട്ടില്ല.

പ്രസിഡെണ്ടു്.—ഇപ്പോഴുള്ള സാധാരണ വഴിയിൽകൂടി നടക്കുവാൻ അവർക്കു് പാടില്ലെന്നുണ്ടൊ?

മിസ്റ്റർ കെ. പി. കറുപ്പൻ.—പാടില്ലെന്നുണ്ടു്. എങ്കിലും അത്യാവശ്യത്തിനൊക്കെ സൂത്രത്തിൽ നടക്കും.

പ്രസിഡെണ്ടു്.—ആ വഴിയിൽകൂടി നടക്കാൻ അനുവദിക്കണമെന്നു് ആക്ഷേപം ഉണ്ടായിട്ടുണ്ടൊ?

മിസ്റ്റർ കെ പി. കറുപ്പൻ.—ആ വഴിയിൽകൂടി നടക്കണമെന്നു് ആക്ഷേപം പുറപ്പെടുവിച്ചാലും കുറെ വൈഷമ്യങ്ങൾ ഉണ്ടു്. അതു് അത്ര എളുപ്പത്തിൽ സാധിക്കുകയില്ല.

പ്രസിഡെണ്ടു്.—അതു സർക്കാർ വഴി അല്ലെ?

മിസ്റ്റർ കെ. പി. കറുപ്പൻ.—സർക്കാർവഴിയും ഉണ്ടു്. ദേവസ്വവും ഉണ്ടു്. സർക്കാർവഴിനേരെ ദേവസ്വം വഴിയിൽകൂടി ക്ഷേത്രത്തിനകത്താണു് പോയിരിക്കുന്നതു്. അതുകൊണ്ടു് ആവഴിയെ നടക്കുവാൻ സാധിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

പ്രസിഡെണ്ട്.—ഈ വഴി ചേരാനെല്ലൂർ ഭഗവതി ക്ഷേത്രത്തിന്റെ ഏതു ഭാഗത്താണ്?

മിസ്റ്റർ കെ. പി. കരുപ്പൻ.—സക്കാർവഴി തെക്കെ ഗോപുരത്തിലാണ് ചെന്നുമുട്ടുന്നതു്.

പ്രസിഡെണ്ട്.—സക്കാർവഴി ദേവസ്വം വഴിയിൽ മുട്ടുന്നേടത്തുനിന്നു് പുതിയവഴിതിരിച്ചാൽ പോരെ എന്നറിയുന്നതിനായിട്ടാണ് ഞാൻ ഈ ഭാഗം ചോദിക്കുന്നതു്.

മിസ്റ്റർ കെ. പി കരുപ്പൻ.—ഇപ്പോഴത്തെ ആ ഭാഗത്തുനിന്നുതന്നെയാണ് വഴിവെട്ടാൻ നിശ്ചയിച്ചിരിക്കുന്നതു്.

78. Mr. O. R. Chummar.—Will the Government be pleased to state whether the road for the Valas at Cheranallur is completed; if not, why?

Mr. I. Raman Menon.—The Member is referred to the answer to question No. 77.

Mr. O. R. Chummar.—I am referred to the previous answer. It is about the same matter. Q. 77 (c). Have the Government started land acquisition proceedings?

Mr. I. Raman Menon.—The land acquisition is over.

President.—When is the construction to begin? Have funds been provided?

Mr. I. Raman Menon.—Funds have been provided; and the construction is to begin in 1103.

The Cheerachikulam Tank.

79. Mr. T. A. Ramachandra Ayyar.—Will the Government be pleased to state.—

(a) when was the tank called Cheerachikulam in Ollur repaired last, and what was the amount spent for the same;

(b) who was the contractor;

(c) when and what was the amount paid to him;

(d) when did the repairs fall through;

(e) who check-measured the work, and what action was taken for the damages?

Diwan Bahadur Dr V. Verghese.—(a) In the years 1099 and 1100. The amount spent was Rs. 7,608—7—8.

(b) Mr E. L. Joseph.

(c) Last payment was on 14th Vrischigam 1102. The contractor was paid in all Rs. 7,608—7—8.

(d) In Mithunam 1100.

(e) The Chief Medical and Sanitary Officer check-measured the work and a deduction of Rs. 1,117—3—11 was made from the contractor's final bill.

Mr. T. A Ramachandra Ayyar.—The answer to subdivision (a) is "in the years 1099 and 1100". Now, I ask what

LIBRARY ARCHIVES Kerala Legislative Assembly